# പഴയ ഉടമ്പടിയുടെ ദാസനും പുതിയ ഉടമ്പടിയുടെ ദാസനും തമ്മിലുള്ള വ്യത്യാസം

സാക് പുന്നൻ

WFTW 06 ഡിസംബർ 2015

2 കൊരിന്ത്യർ 3ാം അധ്യായത്തിൽ പൗലൊസ് ഒരു പുതിയ ഉടമ്പടി ശുശ്രൂഷകനെക്കുറിച്ചു പറയുന്നു. ഒരു പുതിയ ഉടമ്പടി ശുശ്രൂഷകനും പഴയ ഉടമ്പടി ശുശ്രൂഷകനും തമ്മിൽ ഒരു വലിയ വ്യത്യാസം ഉണ്ട്. പഴയ ഉടമ്പടിയിൽ ഹോശെയാ, യെശയ്യാവ്, യെഹസ്കേൽ തുടങ്ങിയവരെപ്പോലെ ദൈവത്തിൻറെ വഴികൾ പഠിക്കുന്നതിനും അവിടുത്തെ സന്ദേശം ലഭിക്കുന്നതിനുമായി വളരെ ശോധനകളിലൂടെ കടന്നുപോകേണ്ടി വന്ന വളരെ കുറച്ചു പ്രവാചകന്മാർ ഉണ്ടായിരുന്നു. എന്നാൽ പൊതുവായി പറഞ്ഞാൽ ദൈവത്തിൻറെ പുരോഹിതന്മാരായി ഒരു ശുശ്രൂഷ ലഭിക്കേണ്ടതിനു പഴയ ഉടമ്പടിയിലെ പുരോഹിതന്മാർക്കു ദൈവത്തിൻറെ നിയമങ്ങൾ പഠിക്കുകയും മനസ്സിലാക്കുകയും ആ നിയമങ്ങൾ ജനങ്ങൾക്കു വിവരിച്ചു കൊടുക്കുകയും മാത്രമേ ചെയ്യേണ്ടിയിരുന്നുള്ളു. അവർ പഠിക്കുകയും പ്രസംഗിക്കുകയും ചെയ്തു. നിങ്ങളുടെ പ്രസംഗങ്ങളെല്ലാം നിങ്ങളുടെ പഠനത്തിൻറെ ഫലമായി മാത്രം ഉണ്ടാകുന്നതാണെങ്കിൽ, നിങ്ങൾ ഒരു പഴയ ഉടമ്പടി ശുശ്രൂഷകനാണ്. പുതിയ ഉടമ്പടി ശുശ്രൂഷകനു തൻറെ ശുശ്രൂഷ ലഭിക്കുന്നത് പഠിക്കുന്നതിലൂടെ മാത്രമല്ല അദ്ദേഹത്തിന് ആ സന്ദേശം അനുഭവിക്കേണ്ടതുണ്ട്. അപ്പോൾ അദ്ദേഹം തൻറെ അനുഭവത്തിൽ നിന്നു സംസാരിക്കുന്നു. 'വന്നു കേൾക്കുക' എന്നല്ല അദ്ദേഹം പറയുന്നത്. എന്നാൽ 'വന്നു കാണുവിൽ' എന്നാണ്.

2 കൊരിന്ത്യർ 3:5ൽ പൗലൊസ് ഇപ്രകാരം പറയുന്നു: 'ഞങ്ങൾ ഈ ശുശ്രൂഷയ്ക്കു പ്രാപ്തരല്ല.' അദ്ദേഹം പറയുന്നത് പുതിയ ഉടമ്പടിയുടെ മഹത്തായ ഈ ശുശ്രൂഷയക്ക് ആവശ്യമായവ ഉൽപാദിപ്പിക്കുവാൻ ഞങ്ങൾ അപ്രാപ്തരത്രേ എന്നാണ്. എന്നാൽ ഞങ്ങളുടെ പ്രാപ്തി ദൈവത്തിൽ നിന്നു വരുന്നു. ഒരു പുതിയ നിമയ ശുശ്രൂഷകൻ, ദൈവത്തെ ശുശ്രൂഷിക്കുവാൻ തന്നിൽ തന്നെയുള്ള ഏതെങ്കിലും കാര്യത്തിൽ ആശ്രയിക്കുന്നില്ല. അദ്ദേഹം തൻറെ കഴിവ് പൂർണ്ണമായി ദൈവത്തിൽ നിന്നു സ്വീകരിക്കുന്നു. ദൈവം അത് അദ്ദേഹത്തിനു കൊടുക്കുകയും അദ്ദേഹം അതു പുറത്തേക്കു കൊടുക്കുകയും ചെയ്യുന്നു കാനാവിൽ പുതിയ വീഞ്ഞ് വിളമ്പിയതുപോലെ. ആ ഭൃത്യന്മാർ വെള്ളം എടുത്തു യേശുവിൻറെ അടുത്തേക്കു കൊണ്ടുവന്നു. അവിടുന്ന് അതു വീഞ്ഞാക്കി മാറ്റി. അപ്പോൾ അവർ അതു വിളമ്പി. അതുപോലെ തന്നെ ശിഷ്യന്മാർ അഞ്ചു അപ്പവും രണ്ടു മീനും യേശുവിൻറെ അടുക്കൽ കൊണ്ടുവന്നു അവിടുന്ന് അതിനെ വർദ്ധിപ്പിച്ചു അവർ അതു വിതരണം ചെയ്തു. നാമും നമ്മുടെ പരിമിതമായ വിഭവങ്ങൾ കർത്താവിൻറെ അടുക്കൽ കൊണ്ടു ചെല്ലുക. അവിടുന്ന് അവയെ അഭിഷേകം ചെയ്യുകയും, വാഴ്ത്തുകയും വർദ്ധിപ്പിക്കുകയും, നാം അതു മറ്റുള്ളവർക്കു കൊടുക്കുകയും ചെയ്യുന്നു. അങ്ങനെയാണ് നാം ശുശ്രൂഷിക്കേണ്ടത്. നാം വിളിക്കപ്പെട്ടിരിക്കുന്നത് വിതരണ വിഭാഗത്തിലേക്കാണ് അല്ലാതെ ഉല്പാദന വിഭാഗത്തിലേക്കല്ല സന്ദേശങ്ങളുടെ ഉല്പാദനത്തിലേക്കു പോലുമല്ല. നാം സംസാരിക്കുമ്പോൾ, നാം മറ്റുള്ളവർക്കു നൽകേണ്ടതു ജീവനാണ്. അല്ലാതെ അറിവല്ല.

അനേക ക്രിസ്തീയ പ്രവർത്തകരും കുറച്ചു വർഷങ്ങൾ ദൈവത്തെ സേവിച്ചതിനു ശേഷം നിരുത്സാഹപ്പെട്ടവരും, വിഷണ്ണരും, നിരാശരും ആയിത്തീരുന്നു. ചിലർക്കു നാഡീസ്തംഭനം പോലും ഉണ്ടാകുന്നു. ഇതിൻറെ കാരണം അവർ തങ്ങളുടെ തന്നെ പ്രാപ്തിയിൽ ദൈവത്തെ സേവിക്കുവാൻ ശ്രമിക്കുന്നതാണ്. അവിടുത്തെ ശുശ്രൂഷയ്ക്കായി നമ്മെ സജ്ജരാക്കേണ്ടതിനു നാം ദൈവത്തിൽ ആശ്രയിക്കണം. അവിടുത്തെ സേവിക്കണമെങ്കിൽ നമ്മുടെ

ശാരീരികാരോഗ്യത്തിനു പോലും നാം ദൈവത്തിൽ ആശ്രയിക്കേണ്ടതുണ്ട്. 'യുവാക്കൾ പോലും ക്ഷീണിച്ചു തളർന്നു പോകും. എങ്കിലും നിങ്ങൾ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും' (യെശയ്യ 40:31) എന്നാണ് ദൈവത്തിൻറെ വാഗ്ദാനം. നമ്മുടെ പ്രാപ്തി ദൈവത്തിൽ നിന്നു വരുന്നു. നിങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടിലാണെങ്കിൽ പോലും, ഈ വാഗ്ദത്തിൽ ആശ്രയിക്കുക: 'ഞങ്ങളുടെ പ്രാപ്തി ദൈവത്തിൽ നിന്നാകുന്നു.' നമ്മുടെ ആവശ്യം എന്തായാലും, ദൈവം അതെല്ലാം നമുക്കു നൽകുവാൻ തികച്ചും കഴിവുള്ളവനാണ്. അവിടുന്നു നമ്മെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകന്മാരാക്കിയിരിക്കുന്നു. പുതിയ ഉടമ്പടിയിൽ, നാം അക്ഷരത്തിൻറെ ശുശ്രൂഷകരല്ല എന്നാൽ ആത്മാവിൻറെതാണ് (2 കൊരി. 3:6), 2 കൊരി 3:9ൽ 2 ശുശ്രൂഷകൾ എടുത്തു പറയപ്പട്ടിട്ടുണ്ട് ശിക്ഷാവിധിയുടെ ശുശ്രൂഷയും നീതിയുടെ ശുശ്രൂഷയും. ശിക്ഷാവിധിയുടെ ശുശ്രൂഷ എന്നത് സന്ദേശം ശ്രവിച്ചു കഴിയുമ്പോൾ ആളുകളിൽ കുറ്റംവിധി ഉണ്ടാകുന്ന ഒന്നാണ്. ആളുകൾക്കു കുറ്റബോധവും ശിക്ഷയ്ക്കു വിധിക്കപ്പെട്ടവനെന്ന തോന്നലും ഉണ്ടായതുകൊണ്ടു നിങ്ങളുടെ പ്രസംഗം വളരെ അത്ഭുതകരമായിരുന്നു എന്നു നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ അതു പഴയ ഉടമ്പടിയുടം ഒരു ശുശ്രൂഷ ആയിരുന്നു. ന്യായപ്രമാണം ആളുകളെ കുറ്റം വിധിച്ചുകൊണ്ട് അവരോട് നിരന്തരമായി ഇപ്രകാരം പറയുന്നു' നീ വേണ്ടത്ര നല്ലവനല്ല, നീ വേണ്ടത്ര നല്ലവനല്ല.' ഇന്ന് ഉണർവ്വു യോഗങ്ങൾ എന്നു വിളിക്കപ്പെടുന്നവയിൽ കേൾക്കുന്ന അനേകം പ്രസംഗങ്ങളും ആളുകളോടു പറയുന്നത്: നീ വേണ്ടത്ര നല്ലവനല്ല, നീ കൊള്ളരുതാത്തവനാണ്. നീ ചീത്തയാണ്, നീ ചീത്തയാണ്, നീ ചീത്തയാണ്.' അപ്പോൾ ആളുകൾ കുറ്റംവിധിയോടെ അവിടെ ഇരിക്കുന്നു. അതു ക്രിസ്തീയ പ്രസംഗമല്ല. ക്രിസ്തീയ പ്രസംഗങ്ങൾ ആളുകളെ നീതിയിലേക്കും മഹത്വകരമായ ഒരു ജീവിതത്തിലേക്കും നയിക്കും; അത് ആളുകൾക്കു കുറ്റബോധം ഉണ്ടാക്കുമ്പോഴേക്കും അവരെ ഉയർത്തി എഴുന്നേൽപ്പിക്കുന്നതിലേക്കും, സൗഖ്യമാക്കുന്നതിലേക്കും വിടുവിക്കുന്നതിലേക്കും തുടർന്നു നീങ്ങുന്നു. അങ്ങനെ അവർ പ്രത്യാശയോടെ അവിടെ നിന്നു പോകുന്നു. നിങ്ങളുടെ പ്രസംഗം ആളുകളെ ബന്ധനത്തിലേക്കാണു കൊണ്ടുവരുന്നതെങ്കിൽ, നിങ്ങൾ പഴയ ഉടമ്പടിയുടെ ഒരു ശുശ്രൂഷകനാണെന്നു നിങ്ങൾക്ക് ഉറപ്പാക്കാം. നിങ്ങളുടെ പ്രസംഗം ആളുകൾക്കു കുറ്റംവിധി ഉളവാക്കുകയാണെങ്കിൽ, അതു പഴയ ഉടമ്പടി പ്രകാരമുള്ള പ്രസംഗമാണ്. ആളുകളെ ഉയർത്തി എഴുന്നേൽപ്പിക്കുന്നതിനു പകരം അവരെ താഴേക്കു തള്ളിയിടുകയാണെങ്കിൽ, അതു പഴയ ഉടമ്പടിയുടെ പ്രസംഗമാണ്. പുതിയ ഉടമ്പടിയുടെ പ്രസംഗം ആളുകളെ എഴുന്നേൽപ്പിക്കുകയും അവർക്കു പ്രത്യാശ നൽകുകയും ചെയ്യുന്നു.